## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഡിസി)വകുപ്പ്

സ.ഉ.(സാധാ)നം. 2042/2007/തസ്വഭവ. തീയതി, തിരുവനന്തപുരം, 28-7-2007

---

### ഉത്തരവ്

സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പല നടപടികളും ഇതിനോടകം സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിക്കുകയും, ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം ഊർജ്ജിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടത് ആവശ്യമായതിനാൽ, ഇതു സംബന്ധിച്ച് ബോധവൽക്കരണത്തിനായി പദ്ധതികൾക്ക് രൂപം നൽകേണ്ടതിലേക്കായി ഇതോടൊപ്പം അടക്കം ചെയ്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചട്ടങ്ങളിലും/നിയമങ്ങളിലും/ഉത്തരവുകളിലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റം വരുത്തുവാൻ തുടർ നടപടി സ്വീകരിക്കുന്നതാണ്.

സംസ്ഥാനത്ത് സെപ്റ്റംബർ മാസം മുഴുവൻ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനവും അതിനാവശ്യമായ ബോധവൽക്കരണവും ഒരു കാമ്പയിനായി നടത്തുവാനും

2/-

ഓരോ ജില്ലയിലെയും ക്യാമ്പയിൻ മേൽനോട്ടത്തിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തിയും ഉത്തരവാക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

എസ്.എം.വിജയാനന്ദ്,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാം മുനിസിപ്പാലിറ്റി ചെയർമാന്മാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തഷപുരം
ഡയറക്ടർ , ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഹെൽത്ത് സർവ്വീസ് ഡയറക്ടർ വഴി)
എല്ലാ ജില്ലാ കളക്ടർമാർക്കും
മിഷൻ ഡയറക്ടർ, കേരള സമ്പൂർണ്ണ ശുചിത്വാരോഗ്യ മിഷൻ, തിരുവനന്തപുരം
പ്രോജക്റ്റ് ഡയറക്ടർ, ക്ലീൻ കേരള മിഷൻ, തിരുവനന്തപുരം
എക്സി.ഡയറക്ടർ, കുടുംബശ്രീ
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ, കേരള.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഐറ്റം നം. തീയതി, 25-7-07)
തദ്ദേശ സ്വയംഭരണ (ആർ.എ, ആർ.ബി,ആർസി,ആർ.ഡി) വകുപ്പ്.
(ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി ചട്ടങ്ങളിലും, നിയമങ്ങളിലും, ഉത്തരവുകളിലും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാറ്റം വരുത്തുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.)
ഡയറക്ടർ, വിവര വിനിമയ പൊതുജന സമ്പർക്ക വകുപ്പ് (ഇക്കാര്യത്തിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ ആവശ്യമായ പ്രചാരം നൽകേണ്ടതാണ്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം അയക്കുന്നത്,

സെക്ഷൻ ഓഫീസർ.

## പ്ലാസ്റ്റിക് മാലിന്യ നിരോധനം ഫലപ്രദമായി നടപ്പിലാക്കാനുള്ള മാർഗ്ഗരേഖ

1. **ബോധവൽക്കരണ പ്രവർത്തനങ്ങൾ**

സമൂഹത്തിന്റെ വിവിധ തലത്തിലുള്ള ജനങ്ങളെ, പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗവും അത് പ്രകൃതിക്കും പരിസ്ഥിതിക്കും ഉണ്ടാക്കാവുന്ന ആഘാതത്തെ കുറിച്ചും തുടർച്ചയായ ബോധ്യവൽക്കരണം നടത്തുക.

(a) മാലിന്യം ഉറവിടത്തിൽതന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് ശേഖരിക്കുന്നതിനുള്ള ബോധവൽക്കരണം നടപ്പിലാക്കുക.

(b) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, വ്യാപാരികൾ, വ്യവസായികൾ, ട്രേഡ് യൂണിയനുകൾ, സർവ്വീസ് സംഘടനകൾ, എൻ.ജി.ഒ.കൾ, റസിഡൻസ് അസോസിയേഷനുകൾ, പൗരസമിതികൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ കൂട്ടായ്മയോടുകൂടി വിവിധ തലത്തിലുള്ള ബോധവൽക്കരണം സംഘടിപ്പിക്കുക.

(1) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ ക്യാമ്പസ് (സ്കൂൾ, കോളേജ്, സ്ഥാപനം)
(2) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ തെരുവ്
(3) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ വ്യാപാരകേന്ദ്രങ്ങൾ
(4) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ കല്യാണമണ്ഡപങ്ങൾ
(5) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ ആശുപത്രികൾ
(6) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ കോളനികൾ
(7) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ വാർഡ്
(8) പ്ലാസ്റ്റിക് മാലിന്യവിമുക്തമായ പഞ്ചായത്ത്/ബ്ലോക്ക്/ജില്ല

## 2. നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യൽ/ശേഖരിക്കൽ

(a) നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു മാസം നീളുന്ന ഒരു ദൗത്യമായി പ്രഖ്യാപിച്ച് പ്ലാസ്റ്റിക് ഇപ്പോൾ കെട്ടിക്കിടക്കുന്ന/പരിസര മലിനീകരണം സൃഷ്ടിക്കുന്ന അവസ്ഥയിൽ നിന്നും ശേഖരിച്ചു വൃത്തിയാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഓരോ വീട്ടിലും/സ്ഥാപനത്തിലും/വാർഡുകളിലും/മുനിസിപ്പാലിറ്റികളിലും/പഞ്ചായത്തുകളിലും ഒരു മാസത്തിനുള്ളിൽ ഉണ്ടാക്കുക.

(b) ഇപ്രകാരം ശേഖരിക്കുന്ന പ്ലാസ്റ്റിക്കിനെ പുനഃചംക്രമണ - ശേഖരണ സംവിധാനവുമായി ബന്ധിപ്പിച്ച് പുനരുപയോഗത്തിന് വിധേയമാക്കാനുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത് ചെയ്യാവുന്നതാണ്.

(c) ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുക

(1) പേപ്പർ ബാഗുകളുടെയും തുണിസഞ്ചികളുടെയും നിർമ്മാണ യൂണിറ്റുകൾ തുടങ്ങാനും ഇത്തരം ബാഗുകളുടെ ലഭ്യത ഉറപ്പുവരുത്താനുമായുള്ള നടപടികൾ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ, SGSY, SHG കൾ എന്നിവർക്ക് ഈ ചുമതല നൽകാം.

(2) ഓരോ പഞ്ചായത്തും കുറഞ്ഞത് ഇത്തരത്തിലുള്ള രണ്ട് യൂണിറ്റെങ്കിലും പ്രവർത്തനക്ഷമമാക്കുക.

(3) നിർമ്മാണ യൂണിറ്റുകൾ കൂടുതൽ കൂടുതൽ സ്ഥാപിക്കുകയും, അവയുടെ ഉത്പാദന-വിപണന പുരോഗതി മാസംതോറും വിലയിരുത്തുകയും ചെയ്യുക.

(4) വീടുകളിലും, സ്കൂളുകളിലും ഇത്തരത്തിലുള്ള ബാഗുനിർമ്മാണം പ്രോത്സാഹിപ്പിക്കുകയും, വിവിധ ഡിസൈനുകളിലും, വിവിധ ഉപയോഗത്തിനും വേണ്ടിയുള്ള (മാർക്കറ്റ്, ടെക്സ്റ്റൈൽ, ഹോട്ടലുകൾ എന്നിവിടങ്ങ

[illegible] പ്രത്യേക തരം സഞ്ചികളുടേയും കവറുകളുടേയും നിർമ്മാണം പ്രോത്സാഹിപ്പിക്കുക. ഇതിനുവേണ്ടി നല്ല, ഡിസൈനുകളും, മാതൃകകളും സൗജന്യമായി നൽകുക.

(5) കുറഞ്ഞ ചെലവിൽ ഇവ ഉണ്ടാക്കുവാനുള്ള സാങ്കേതികവിദ്യ പ്രചരിപ്പിക്കുക. സാങ്കേതിക വിദ്യയും, നിർമ്മാണോപകരണങ്ങളും ലഭ്യമാക്കുക.

(6) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും/ഗവൺമെന്റ് വകുപ്പുകളിലും സ്ഥിരമായ ഉപയോഗത്തിന് സ്റ്റീൽ/ഗ്ലാസ് പാത്രങ്ങൾ വാങ്ങാനും അവ വൃത്തിയാക്കി സൂക്ഷിക്കുവാനുമുള്ള നിർദ്ദേശം നൽകുകയും, പ്ലാസ്റ്റിക് കപ്പുകൾ നിർബന്ധമായും ഒഴിവാക്കുകയും ചെയ്യുക.

(7) ഗവൺമെന്റ് നടപ്പിലാക്കുന്ന പരിപാടികളിൽ പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്ന വസ്തുക്കളുടെ ഉപയോഗം നിരോധിക്കുക. (പ്ലാസ്റ്റിക് ബാനർ, പോസ്റ്റർ, പ്ലാസ്റ്റിക് കപ്പ്). പ്ലാസ്റ്റിക്കിന്റെ കൊടിതോരണങ്ങളും പതാകകളും ഉപയോഗിക്കാതിരിക്കാൻ രാഷ്ട്രീയ പാർട്ടികളെയും സംഘടനകളെയും, തൊഴിലാളി സംഘടനകളെയും നിർബന്ധിക്കുക.

(8) AIR, Dooradarsan, All channels എന്നിവരോട് രാവിലെയും ഉച്ചയ്ക്കും വൈകിട്ടും പ്ലാസ്റ്റിക്ക് മാലിന്യത്തിനെതിരെയുള്ള ബോധവൽക്കരണം നിർബന്ധമാക്കുക.

(9) എല്ലാ മന്ത്രി ഓഫീസുകളിലും, സർക്കാർ ഓഫീസുകളിലും പുകവലിക്കെതിരെയുള്ള പോലെ പ്ലാസ്റ്റിക്ക് മാലിന്യത്തിനെതിരെ ബോർഡുകൾ സ്ഥാപിക്കുക.

3. **പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കണ്ടുകെട്ടലും പിഴ ചുമത്തലും**

1. ബോധവൽക്കരണത്തോടൊപ്പം തന്നെ കർശനമായി പ്ലാസ്റ്റിക് നിരോധന നിയമം നടപ്പിൽ വരുത്തുക. നിരോധിച്ച പ്ലാസ്റ്റിക് ഉപയോഗിക്കുന്നവരെ കണ്ടുപിടിക്കാനും, പിഴയിടാനുമുള്ള നടപടികൾ ആവിഷ്കരിക്കുക.

2. വ്യാപാര സ്ഥാപനങ്ങൾക്ക് ബോധവൽക്കരണം സമയത്ത് തന്നെ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിന് മുൻകൂട്ടി നോട്ടീസ് വിതരണം ചെയ്യുക.

3. ജനപങ്കാളിത്തത്തോടുകൂടി പ്ലാസ്റ്റിക് കവറുകൾ പിടിച്ചെടുക്കാനുള്ള നടപടികൾ അതാത് പഞ്ചായത്തുകൾ/നഗരസഭകൾ ആസൂത്രണം ചെയ്യേണ്ടതാണ്. വിവിധ വകുപ്പുകൾ (പോലീസ്, വിൽപ്പന നികുതി, ആരോഗ്യം, തദ്ദേശസ്വയംഭരണ സ്ഥാപനം) യോജിച്ചുള്ള പ്രവർത്തനം സംഘടിപ്പിക്കുക.

4. പ്ലാസ്റ്റിക്കിന്റെ കനം തിട്ടപ്പെടുത്തുന്നതിന് വേണ്ടിയുള്ള മൈക്രോ മീറ്റർ എല്ലാ പഞ്ചായത്തുകൾക്കും ലഭ്യമാക്കുക.

5. പ്രാരംഭ ഘട്ടത്തിൽ കടകളിൽ നിന്നും ലഘുവായ പിഴയോടെ പ്ലാസ്റ്റിക് പിടിച്ചെടുക്കേണ്ടതും രണ്ടാമതും ആവർത്തിക്കുന്ന പക്ഷം 5000 രൂപയും, വീണ്ടും ആവർത്തിക്കുന്ന പക്ഷം 10000 രൂപയും വീണ്ടും തുടർന്നാൽ 25000 രൂപ പിഴയും 6 മാസം *ജയിൽ ശിക്ഷയും വ്യവസ്ഥചെയ്ത് നിയമനിർമ്മാണം* നടത്തേണ്ടതാണ്.

6. ജാഥകളിലും, സമരങ്ങളിലും, ഉത്സവങ്ങളിലും, ആഘോഷങ്ങളിലും പ്ലാസ്റ്റിക്

കൊടി, കപ്പ്, തോരണങ്ങൾ ഉപയോഗിക്കുന്നവരെ ശിക്ഷിക്കുക. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെടുക്കുന്നതിന് ഒരു മാസത്തെ പരിധി നിശ്ചയിച്ച് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയെടുക്കുക.

## 4. ബോധവൽക്കരണ പരിപാടികൾ

മാലിന്യ നിർമാർജ്ജനം ഒരു തുടർപ്രക്രിയയായി നടത്തുന്നതിന് പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനത്തിന് പ്രത്യേക പ്രാധാന്യം നൽകേതുണ്ട്. ഇതിന്റെ ഭാഗമായി സെപ്തംബർ മാസം മുഴുവൻ സംസ്ഥാനവ്യാപകമായി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം നടത്താൻ ഉദ്ദേശിക്കുന്നു. ഇതുസംബന്ധിച്ച ബോധവൽക്കരണത്തിന് ആവശ്യമായ പദ്ധതികൾക്കും രൂപം നൽകേണ്ടതാണ്.

5. **മോണിട്ടറിംഗ് സംവിധാനം**

പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഒരു മോണിട്ടറിംഗ് സംവിധാനം അത്യന്താപേക്ഷിതമാണ്. ഓരോ 2 മാസം കൂടുമ്പോഴും പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനവും സ്റ്റാറ്റസ് റിപ്പോർട്ടും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കി ജില്ലാതല മോണിട്ടറിംഗ് സമിതിക്ക് അയയ്ക്കുകയും അവ ക്രോഡീകരിച്ച് സംസ്ഥാന സർക്കാരിലെ ബന്ധപ്പെട്ട വകുപ്പുകൾക്ക് / സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് അയച്ചുകൊടുക്കേണ്ടതും കൂടുതൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടുന്ന പക്ഷം അത്തരത്തിലുള്ള മാർഗ്ഗങ്ങളും അവലംബിക്കേണ്ടതാണ്.

**പഞ്ചായത്തുതല/നഗരസഭ മോണിട്ടറിംഗ് സമിതി :**

പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/മേയർ
സെക്രട്ടറി
വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
വ്യാപാരി-വ്യവസായി പ്രതിനിധികൾ
സ്കൂൾ-കോളേജ് പ്രതിനിധികൾ
എൻ.ജി.ഒ പ്രതിനിധികൾ
പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടർ/ഹെൽത്ത് ഓഫീസർ

**ബ്ളോക്കുതല മോണിട്ടറിംഗ് സമിതി:**

ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്
പഞ്ചായത്ത് പ്രസിഡന്റുമാർ
വികസനസ്റ്റാൻഡിംഗകമ്മിറ്റി ചെയർമാൻ
രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ
വ്യാപാരി വ്യവസായി പ്രതിനിധികൾ
സ്കൂൾ-കോളേജ് പ്രതിനിധികൾ
പ്രാഥമിക ആരോഗ്യകേന്ദ്രം ഡോക്ടർ

**ജില്ലാതല മോണിട്ടറിംഗ് സമിതി:**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ

പൊല്യൂഷൻ കൺട്രോൾ ബോർഡ് പ്രതിനിധി

ഡി.എം.ഒ

വ്യാപാരി വ്യവസായി ജില്ലാ പ്രസിഡന്റ്

റസിഡൻസ് അസോസിയേഷൻ ജില്ലാതല പ്രതിനിധികൾ

**സംസ്ഥാനതല മോണിട്ടറിംഗ് സമിതി:**

തദ്ദേശസ്വയംഭരണ വകുപ്പ്

ആരോഗ്യ വകുപ്പ്

പോലീസ് വകുപ്പ്

വിൽപ്പന നികുതി വകുപ്പ്

വ്യവസായ വകുപ്പ്

പരിസ്ഥിതി വകുപ്പ്

## 6. പദ്ധതി നിർവ്വഹണ സംവിധാനം

| ക്രമ നം | പ്രവർത്തി | നടപ്പിലാക്കേണ്ട ഏജൻസി |
|---|---|---|
| 1 | ബോധവൽക്കരണ പ്രവർത്തനങ്ങൾ | പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്<br>കേരള ടോട്ടൽ സാനിറ്റേഷൻ & ഹെൽത്ത് മിഷൻ<br>ക്ലീൻ കേരള മിഷൻ |
| 2 | പ്ലാസ്റ്റിക് ബഹിഷ്കരണം | ഗ്രാമപഞ്ചായത്തുകളും നഗരസഭകളും |
| 3 | ശിക്ഷ | ബന്ധപ്പെട്ട വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും. |
| 4 | പകരം ഉത്പന്നങ്ങൾ | കുടുംബശ്രീ, സി. ആർ. ഡി |
| 5 | പ്രോത്സാഹനം | ഗവൺമെന്റ് |
| 6 | അവാർഡ് | ഗവൺമെന്റ് |

## 7. വിവിധ വകുപ്പുകൾ ചെയ്യേണ്ട ശൃംഖലാ പ്രവർത്തികൾ

| | |
|---|---|
| പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ് | എല്ലാ സർക്കാർ പരസ്യങ്ങളുടെയും അടിയിൽ പ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം |
| ഭക്ഷ്യവകുപ്പ് | റേഷൻ കാർഡുകളിൽ പ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം |

| | |
|---|---|
| വിദ്യാഭ്യാസ വകുപ്പ് | പാഠപുസ്തകങ്ങളുടെ പുറംചട്ടയിൽപ്ലാസ്റ്റിക്കിനെതിരെ മുദ്രാവാചകം |
| കേരള ടോട്ടൽ സാനിറ്റേഷൻ & ഹെൽത്ത് മിഷൻ | ഐ. ഇ. സി മെറ്റീരിയൽ, ലഘു ഫിലിമുകൾ എന്നിവ നിർമ്മിച്ച് പ്രചാരണം നടത്തൽ ഏൽപ്പിച്ചു കൊടുക്കുക |
| കുടുംബശ്രീ | ഗ്രാമ പഞ്ചായത്തുകളിൽ 2 വീതവും (2000), നഗരങ്ങളിൽ 4വീതവും(212) കോർപ്പറേഷനുകളിൽ 10 വീതവും( 50) പ്ലാസ്റ്റിക്കിനുപ്കരമുള്ള പേപ്പർ കാരി ബാഗ്, തുണി കാരി ബാഗ് നിർമ്മാണ് യൂണിറ്റുകൾ - മൈക്രോ സംരംഭങ്ങൾ സ്ഥാപിക്കുക |
| സി. ആർ. ഡി | എസ്സ്. ജി. എസ്സ്. വൈ യിൽ 2000 + (152 X10) = 3520. എസ്സ്. ജി. എസ്സ്. വൈ സംരംഭങ്ങൾക്ക് മുകളിൽ പറഞ്ഞ രീതിയിലുണ്ടാക്കുക. |